## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – 5 വർഷം എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളിൽ പരിചയമുള്ള ഓവർസിയർമാർക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ പദവി നൽകുന്നതിന് അനുമതി നൽകിയിരുന്നത് പുനഃസ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ 506/13/തസ്വഭവ തിരുവനന്തപുരം, തീയതി, 28.02.2013

---

പരാമർശം:- 1. 02/01/09-ലെ സ.ഉ (എം എസ്)നം.1/09/തസ്വഭവ
2. 04/10/12-ലെ സംസ്ഥാന തൊഴിലുറപ്പ്. കൗൺസിലിന്റെ 12-ാം മത്തെ യോഗത്തിന്റെ തീരുമാനം.
3. 4/02/13-ലെ സ.ഉ (സാധാ) 298/13/ തസ്വഭവ

### <u>ഉത്തരവ്</u>

5 വർഷം എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളിൽ പരിചയമുള്ള ഓവർസിയർമാർക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ പദവി നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) തീരുമാനപ്രകാരം പരാമർശം (3) ഉത്തരവിലെ 3-ാം ഇനം പ്രകാരം പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്തിരുന്നു.

പരാമർശം (3) ഉത്തരവിലെ 3-ാം ഇനം പ്രകാരം പരാമർശം (1) ഉത്തരവ് റദ്ദാക്കിയത് തൽക്കാലം നടപ്പിലാക്കേണ്ടതില്ല എന്നും ഇക്കാര്യത്തിൽ മറ്റൊരുത്തരവുണ്ടാകുന്നതുവരെ 5 വർഷം എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളിൽ പരിചയമുള്ള ഓവർസിയർമാർക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ പദവി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. മുകളിൽ പറഞ്ഞ ഭേദഗതിയോടെ പരാമർശം (3) ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജി. ശിവപ്രസാദ്,

അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
3. എല്ലാ ജില്ലാകളക്ടർ/ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും

4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി / പ്രസിഡന്റ്മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ